കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്

LSGD-JD/KTM/4399/2024-D3

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടറേറ്റ് പി.ഒ, കോട്ടയം - 686002
ഫോൺ: 0481-2560282
*Email: jdlsgdktm@gmail.com*
തീയതി:15.02.2025

**ജോയിന്റ് ഡയറക്ടർ**

സെക്രട്ടറി, കോട്ടയം നഗരസഭ
സെക്രട്ടറി
ഉദയനാപുരം, വാഴൂർ, തീക്കോയി, വെളിയന്നൂർ ഗ്രാമപഞ്ചായത്തുകൾ

വിഷയം :ജില്ലാതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ മിനിട്ട്സ് അയച്ചു നൽകുന്നത് - സംബന്ധിച്ച്

സൂചന: 14.02.2025-ാം തീയതി ബഹു. ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺ ലൈൻ ആയി ചേർന്ന സ്ഥിരം അദാലത്ത് ജില്ലാതല സമിതി യോഗം

.....

14.02.2025-ാം തീയതി ബഹു. ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺ ലൈൻ ആയി ചേർന്ന സ്ഥിരം അദാലത്ത് ജില്ലാതല സമിതി യോഗത്തിന്റെ മിനിട്ട്സ് തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

OFFICE OF THE JOINT DIRECTOR LSG DEPT. KOTTAYAM
CIVIL STATION KOTTAYAM PIN: 686 002

ജോയിന്റ് ഡയറക്ടർ

ഉള്ളടക്കം : മേൽ പ്രസ്താവിതം

**14.02.2025-ാം തീയതി ബഹു. ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഓൺ ലൈൻ ആയി ചേർന്ന സ്ഥിരം അദാലത്ത് ജില്ലാതല സമിതി യോഗം**

**************

1. **ശ്രീ.എം പ്രസന്നൻ (ഉദയനാപുരം ഗ്രാമപഞ്ചായത്ത്) Docket No.BPKTM20504000024**

പ്രസ്തുത പരാതി പരിശോധിച്ചതിൽ ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ടായിട്ടുള്ളതായി ആരോപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓഫീസ് രേഖകൾ പരിശോധിച്ച് ബേസ് ഡേറ്റാ തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ ഐ കെ എം മുഖേന ഭേദഗതികൾ വരുത്തി 14 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2. **ശ്രീ.വി പി റെജി (വാഴൂർ ഗ്രാമപഞ്ചായത്ത്) Docket No.BPKTM40566000012**

പരാതിയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ പരിഹരിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറിയും, പരാതിക്കാരനും യോഗത്തിൽ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത പരാതിയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

3. **ശ്രീ.ഷാജഹാൻ ബി (തീക്കോയി ഗ്രാമപഞ്ചായത്ത്) Docket No.BPKTM30538000003**

തദ്ദേശ അദാലത്തിൽ പരിഗണിച്ച അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ.ഷാജി ജോസ്.സി, BPKTM10514000026 എന്ന ഡോക്കറ്റ് നമ്പർ പരാതി അപേക്ഷകന്റെ പരാതിയുമായി സമാന സ്വഭാവമുള്ളതാണെന്നും പ്രസ്തുത പരാതി അപേക്ഷകന് അനുകൂലമായി സംസ്ഥാന സമിതി തീർപ്പാക്കിയിട്ടുണ്ടെന്ന് പരാതിക്കാരൻ ടി യോഗത്തിൽ ചൂണ്ടി കാണിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് സമിതിയിലേയ്ക്ക് എസ്കലേറ്റ് ചെയ്യുവാൻ തീരുമാനിച്ചു.

4. **ശ്രീ.പ്രതീഷ് പി മാത്യു (വെളിയന്നൂർ ഗ്രാമപഞ്ചായത്ത്) Docket No.BPKTM20521000008**

കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്നപ്രകാരമുള്ള Structural Stability Certificate അപേക്ഷകൻ ഹാജരാക്കുന്നമുറയ്ക്കും, പ്ലോട്ടിൽ നിലവിലുള്ള മണ്ണ് സെക്രട്ടറി issue ചെയ്യുന്ന transit pass മുഖേന സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്തുകൊള്ളാമെന്നുമുള്ള Undertaking ഹാജരാക്കുന്നമുറയ്ക്കും പെർമിറ്റ് അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

5. **ശ്രീ.ജോമോൻ കുര്യാക്കോസ് (കോട്ടയം നഗരസഭ) Docket No. BPKTM10189000096**

(1) അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് 2024 ലെ ചട്ടപ്രകാരം ടിയാന്റെ അപേക്ഷ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(2) ടിയാന്റെ മറ്റൊരു പരാതിയായ ടാക്സ് നിർണ്ണയത്തിലെ അപാകത (നിലവിൽ 290$m^2$ ആണ് ടിയാന്റെ കെട്ടിടത്തിന്റെ വിസതീർണ്ണം എന്നാൽ നഗരസഭ റെക്കാർഡ് പ്രകാരം 434$m^2$ ആണ് രേഖപ്പെടുത്തി ടാക്സ് നിർണ്ണയിച്ചിട്ടുള്ളത്) പരിഹരിച്ച് ടാക്സ് പുനർനിർണ്ണയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

OFFICE OF THE JOINT DIRECTOR LSG DEPT. CIVIL STATION KOTTAYAM PIN: 686 002 ★ KOTTAYAM ★

ജോയിന്റ് ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
കോട്ടയം.